**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 350** **08-08-2023 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ വകുപ്പിലെ ഓവർസിയർ ഗ്രേഡ് 1 (സിവിൽ) തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ വകുപ്പിൽ ഓവർസിയർ ഗ്രേഡ് 1 (സിവിൽ) തസ്തികയിൽ നിന്നു ഒരു വർഷത്തിലധികമായി പ്രൊമോഷൻ നടത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസം വന്നതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത പ്രൊമോഷനുമായി ബന്ധപ്പെട്ട് എന്തെങ്കിലും കേസ് നിലവിലുണ്ടോ; എങ്കിൽ കേസ് നമ്പർ ലഭ്യമാക്കാമോ; പ്രൊമോഷൻ നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകാമോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒന്നാംതരം ഓവർസിയർ തസ്തികയിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിനായുള്ള സെലക്റ്റ് ലിസ്റ്റ് അംഗീകരിക്കുന്നതിനായി ഡി.പി.സി(ലോവർ) യോഗം ചേർന്നുവെങ്കിലും, പ്രസ്തുത സെലക്റ്റ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്ന ഓവർസിയർമാർ (സർട്ടിഫിക്കറ്റ് ക്വാട്ടയിൽ ഉൾപ്പെട്ടിട്ടുള്ളവർ) ബഹു.കോടതി മുമ്പാകെ ഫയൽ ചെയ്ത IA No.322/2018, O.P(KAT)NO.56/2017 ഉടങ്ങിയ കേസുകളിൽ ഒറിജിനൽ പെറ്റീഷൻ തീർപ്പാക്കുന്നതിന് അനുസൃതമായി മാത്രം പ്രൊമോഷൻ നൽകുവാൻ ബഹു. കോടതി ഉത്തരവായിരുന്നു. നിലവിൽ കേസിൽ കക്ഷികളായിട്ടുള്ള സർട്ടിഫിക്കറ്റ് ക്വാട്ടയിൽ ഉൾപ്പെട്ടിട്ടുള്ളവരെ മാറ്റി നിർത്തിക്കൊണ്ടും, ഡിപ്ലോമ ക്വാട്ടയിൽ ഉൾപ്പെട്ടവരെ മാത്രം ഉൾക്കൊള്ളിച്ചുകൊണ്ടും സെലക്റ്റ് ലിസ്റ്റ് പബ്ലിഷ് ചെയ്യുന്നതിനായി ബഹു.കോടതിയുടെ അനുമതി ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുവാനും OP(KAT) No. 56/2017, OP(KAT) No. 71/2017 എന്നിവ വേഗത്തിൽ തീർപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുവാനും അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത തസ്തികയിൽ നിന്ന് പ്രോമോഷൻ നടക്കാത്തതിനാൽ പി. എസ്.സി. യിലേക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകളിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിൽ പ്രൊമോഷൻ നടത്തിയാൽ എത്ര ഓവർസിയർ ഗ്രേഡ് 1 (സിവിൽ) തസ്തിക പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ സാധിക്കും; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ പ്രൊമോഷൻ നടത്തിയാൽ 31 ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ സാധിക്കും |
| (സി) | തദ്ദേശ സ്വയംഭരണ വകുപ്പിൽ ഓവർസിയർ ഗ്രേഡ് | (സി) | ഓവർസിയർ ഗ്രേഡ് 1 (സിവിൽ) തസ്തികയിൽ |

| | | | |
|---|---|---|---|
| | 1 (സിവിൽ) തസ്തികയിൽ നിന്ന് പ്രൊമോഷൻ വഴി നികത്തപ്പെടേണ്ട എത്ര ഒഴിവുകൾ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ നിലവിലുണ്ട്; | | നിന്ന് പ്രൊമോഷൻ വഴി നികത്തപ്പെടേണ്ട 31 അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികകൾ നിലവിലുണ്ട്. |
| (ഡി) | തദ്ദേശ സ്വയംഭരണ വകുപ്പിൽ ഓവർസിയർ ഗ്രേഡ് 1 (സിവിൽ) തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്; അവയിൽ എത്ര ഒഴിവുകൾ പി.എസ്.സി. വഴി നികത്തേണ്ടതായിട്ടുണ്ട്; | (ഡി) | അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നത് മുഖേന നികത്തപ്പെടേണ്ട 31 ഒഴിവുകളും പി.എസ്.സി. മുഖേന നികത്തപ്പെടേണ്ട 45 ഒഴിവുകളുമുണ്ട്. പ്രസ്തുത 45 ഒഴിവുകളിൽ 42 ഒഴിവുകളിലേയ്ക്ക് പി.എസ്.സി. യുടെ നിയമന ശിപാർശയുടെ അടിസ്ഥാനത്തിൽ നിയമന ഉത്തരവ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന മൂന്ന് ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ഇ) | തദ്ദേശ സ്വയംഭരണ വകുപ്പിൽ ഓവർസിയർ ഗ്രേഡ് 1 ( സിവിൽ ) ൽ നിലവിൽ എത്ര തസ്തികകളുണ്ട്; അവയിൽ എത്രപേർ ജോലി ചെയ്യുന്നുണ്ട്; ജോലി ചെയ്യുന്നവരിൽ പ്രൊമോഷൻ വഴിയും പി.എസ്.സി. വഴിയും പ്രവേശിച്ചവർ എത്രപേർ; വ്യക്തമാക്കാമോ; | (ഇ) | തദ്ദേശ സ്വയംഭരണ വകുപ്പിൽ ഓവർസിയർ ഗ്രേഡ് 1 ( സിവിൽ ) ൽ നിലിവൽ 876 തസ്തികകളുണ്ട്. പ്രസ്തുത തസ്തികകളിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ട് എന്ന വിവരം ശേഖരിച്ചുവരുന്നു. |
| (എഫ്) | ഓവർസിയർ ഗ്രേഡ് 1 ( സിവിൽ ) തസ്തികയിൽ പ്രൊമോഷൻ, നേരിട്ടുള്ള നിയമനം എന്നിങ്ങനെ നികത്തപ്പെടേണ്ട ഒഴിവുകൾ തമ്മിൽ എന്തെങ്കിലും അംശബന്ധം നിലവിലുണ്ടോയെന്നും അത് പാലിക്കപ്പെടുന്നുണ്ടോയെന്നും വ്യക്തമാക്കാമോ? | (എഫ്) | ഓവർസിയർ ഗ്രേഡ് 1 ( സിവിൽ ) തസ്തികയിൽ പ്രൊമോഷൻ, നേരിട്ടുള്ള നിയമനം എന്നിങ്ങനെ നികത്തപ്പെടേണ്ട ഒഴിവുകൾ തമ്മിൽ 50:50 എന്ന അംശബന്ധം നിലവിലുണ്ട്.<br>അത്പാലിക്കപ്പെടുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ